**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3943** **16.05.2017 ൽ മറുപടിയ്ക്ക്**

**ആഘോഷ സമയങ്ങളിൽ പച്ചക്കറികൾക്ക് വില വർദ്ധിക്കുന്നത് തടയാൻ നടപടി**

| **ചോദ്യം**<br>ശ്രീ. പുരുഷൻ കടലുണ്ടി | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കുറഞ്ഞ വിലക്ക് പച്ചക്കറി ലഭ്യമാക്കാൻ കൃഷിവകുപ്പ് എന്തെല്ലാം നടപടികൾ സ്വീക രിച്ച് വരുന്നുവെന്ന് വ്യക്തമാ ക്കുമോ ; | എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് മുഖേന വിപണി ഇടപെടൽ നടത്തുന്നു. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കർഷകർക്ക് ന്യായവില നൽകി ഹോർട്ടികോർപ്പ് മുഖേന പച്ചക്കറികൾ സംഭരിച്ച് പൊതു വിപണിയേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കി കുറ്റമറ്റരീതിയിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിലേയ്ക്കായി കൃഷി വകുപ്പിലേയും, ഹോർട്ടികോർപ്പിന്റേയും, വി.എഫ്.പി.സി.കെ.യിലേയും ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയാണ് പച്ചക്കറികൾ വാങ്ങുന്നത്. |
| (ബി) പൊതു മാർക്കറ്റുകളിൽ ആവശ്യത്തിന് ലഭ്യത ഉണ്ടായിട്ടും ആഘോഷ സമയങ്ങളിൽ ചില പച്ചക്കറികൾക്ക് വൻതോതിൽ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരി ക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്സവ സീസണുകളിലെ പച്ചക്കറികളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി കൃഷിവകുപ്പും ഹോർട്ടികോർപ്പും വി.എഫ.പി.സി.കെയും റീട്ടെയിൽ വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓണക്കാലത്ത് കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെയും സംയുക്തമായി സംസ്ഥാന മൊട്ടാകെ 1350 ഓണവിപണികൾ സംഘടിപ്പിക്കുകയും പൊതു വിപണിയേക്കാൾ 30% കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ 1052 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ച് കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയേക്കാൾ 30% വിലക്കുറവിൽ നാടൻ ഉല്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ ജി.എ.പി ഉൽപന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്നതിനായി പൊതു വിപണിയിൽ കൃഷി വകുപ്പ് ശക്തമായി ഇടപെടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**